# ഇശൽ പൈതൃകം

ത്രൈമാസിക ലക്കം: 33

# Ishal Paithrkam

Online issue 18 print issue 33 June 2023

**Mahakavi Moyinkutty Vaidyar**
**Mappila Kala Akademi**
Department of Cultural Affairs
Government of Kerala-India
June 2023

**ഇശൽ പൈതൃകം**
ത്രൈമാസിക
ലക്കം: 33
2023 ജൂൺ
പകർപ്പാവകാശം: പ്രസാധകർക്ക്

**ചീഫ് എഡിറ്റർ**
ഡോ. ഹുസൈൻ രണ്ടത്താണി

**എഡിറ്റർ**
ഡോ. ഷംഷാദ് ഹുസൈൻ. കെ.ടി.

**അസോസിയേറ്റ് എഡിറ്റർ**
ഡോ. അനീസ് ആലങ്ങാടൻ

**എഡിറ്റോറിയൽ ബോർഡ്**
ബഷീർ ചുങ്കത്തറ
ഫൈസൽ എളീറ്റിൽ
റസാഖ് പയമ്പ്രോട്ട്
എം.എൻ. കാരശ്ശേരി
കാനേഷ് പൂനൂർ
സൈദലവി ചീരങ്ങോട്ട്

**പ്രസാധകർ**
മഹാകവി മോയിൻകുട്ടി വൈദ്യർ
മാപ്പിള കലാ അക്കാദമി
കൊണ്ടോട്ടി: 673 638
ഫോൺ: 0483 2711432

ഇശൽ പൈതൃകത്തിൽ പ്രസിദ്ധീകരിക്കുന്ന രചനകളിലെ ആശയങ്ങൾ മാപ്പിളകലാ അക്കാദമിയുടേതോ, സംസ്ഥാന സർക്കാറിന്റേതോ, സാംസ്കാരിക വകുപ്പിന്റേതോ ആയിരിക്കണമെന്നില്ല. - എഡിറ്റർ

**Ishal Paithrkam**
**ISSN: 2582-550X**
Peer-Reviewed
UGC Listed
Quarterly
Bilingual
Issue: 33
Online issue: 18
June: 2023
all rights reserved

**Editor**
Dr. Shamshad hussain. KT

**Publisher**
Mahakavi Moyinkutty
Vaidyar
Mappila Kala Akademi
Kondotty, 673638
Ph: 0483-2711432

www.mappilakalaacademy.org
www.ishalpaithrkam.info

copyright rests with the publisher. the authors are responsible for the contents and views expressed.

# Emmanuel Levinas: Ethics in Post-Humanism

**Dr. P.Pavithran**

*After the linguistic turn in the twentieth century, the concept of human agency and ethical concerns were displaced by discourse of language. Existentialism was the last philosophy of the period which dealt with individual human agency. Now in the period of posthumanism, the philosophy of Levinas redefined self in relation with the other. It is a critic of individual universalism implied in humanism and existentialism. This paper discusses how the philosophy of Levinas defined the relation between self and other in a unique way, which is different from that of thinkers like Jean Paul Sartre and Jacques Lacan. The radical way Levinas redefined the relation between ontology and ethics, has positive relevance in contemporary situation, when the exclusion of the other in social life is a matter of deep concern. The possibility of application of Levinas in literature is also a possibility.*

**Key Words:** Posthumanism, Other, Face, being, ethics

## Reference:

Hammerschlag, S. (2019). *Levinas and Sartre: Existentialism after the Stalag.* Yale: Yale French Studies.

Harasym, S. (1998). *Levinas and Lacan: The Missed Encounter.* New York: State University of New York Press.

Lehnhof, K., Gold, M., & Goodhart, S. (2018). *Of Levinas and Shakespeare "To see Another Thus".* Purdue: Purdue University Press.

Levinas, E. (1969). *Totality and Infinity: An Essay on Exteriority.* Pittsburgh: Duquesne University Press.

Levinas, E., & Hand, S. (2014, December 27). Reflections on the Philosophy of Hitlerism. *Chicago Journals, 17*(1), 62-71.

Mitrovic, N. (2022). *Ethics and literature: Levinas and literary criticism.* Belgrade: University of Belgrade.

Peperzak, A. T. (2005). *To the Other: Introduction to the Philosophy of Emmanuel Levinas.* West Lafayette: Purdue University Press.

Ruti, M. (2015). *Between Levinas and Lacan: Self, Other, Ethics.* New York: Bloomsbury Academic USA.

Wolff, E. (2011). *Political Responsibility for a Globalised World.* Bielefeld: Transcript Verlag.

**Dr. P.Pavithran**
Professor
Department of Malayalam
Sree Sankaracharya University of Sanskrit
Regional Centre Tirur
Pin: 676301
Ph: +91 9495139971
Email: athulpavithran@rediffmail.com
ORCID: 0009-0009-8529-3044

# ഇമ്മാനുവേൽ ലെവിനാസ്: മാനവാനന്തരതയിലെ ധാർമികത

പി.പവിത്രൻ

ഘടനാവാദത്തോടെ പാശ്ചാത്യ തത്വചിന്തയിൽ ആധികാരിത നഷ്ടപ്പെട്ട ഒരു പദമാണ് മാനവികതാവാദം. ഒരു പക്ഷെ അതിന്റെ അവസാനത്തെ പ്രകടനം സാർത്രിയൻ അസ്തിത്വവാദത്തിലാണെന്നു പറയാം. സസ്യൂറിയൻ ഭാഷാശാസ്ത്രത്തിന്റെ വരവോടെ വ്യക്തി എന്ന നിലയിലുള്ള മനുഷ്യനിൽ നിന്ന് ഭാഷയിലേക്ക് പാശ്ചാത്യ ചിന്തയുടെ അടിസ്ഥാനം മാറുകയുണ്ടായല്ലോ. റഷ്യയിൽ സമാന്തരമായി മോസ്കോ ലിംഗ്വിസ്റ്റിക് സർക്കിൾ ഉൾപ്പെടെ ഈ സമീപനം മറ്റൊരു തരത്തിലും വികസിച്ചു വരുന്നുണ്ടായിരുന്നു. സാഹിത്യപഠനത്തിൽ ഈ സമീപനം പ്രയോഗിക്കപ്പെട്ടപ്പോൾ അത് റഷ്യൻ ഫോർമലിസത്തിന് രൂപം നൽകി. മാനവികവിഷയ മേഖലകളിലും സാമൂഹ്യശാസ്ത്രമേഖലകളിലും ഇത് പ്രയോഗിക്കപ്പെട്ടപ്പോൾ അത് ഫ്രഞ്ച് ഘടനാവാദമായി. ലെവിസ്ട്രോസും ലക്കാനും ബാർഥുമുൾപ്പെടെയുള്ളവരുടെ കാഴ്ചപ്പാടുകൾ അങ്ങനെയാണ് ചിന്താചരിത്രത്തിൽ സ്ഥാനപ്പെട്ടത്. ദറീദയുടെ അപനിർമാണ ഘട്ടമായപ്പെഴാകട്ടെ പാശ്ചാത്യ മാനവികതാവാദത്തിന്റെ അടിസ്ഥാന ദ്വന്ദ്വങ്ങൾതന്നെ ചോദ്യം ചെയ്യപ്പെട്ടു. ചിന്താചരിത്രത്തിൽ വരുന്ന ഈ മാറ്റം പ്രായോഗിക രംഗത്തെ രാഷ്ട്രീയ ഇടപെടലുകളോട് സമകാലികത പുലർത്തുന്നുമുണ്ടായിരുന്നു. പാശ്ചാത്യ മാനവിതയിലെ മനുഷ്യസങ്കല്പം പുരുഷ കേന്ദ്രിതവും പ്രകൃതി വിരുദ്ധവും കോളനീകരണപരവും ദ്വിലിംഗ കേന്ദ്രിതവുമാണെന്ന വിമർശനം സ്ത്രീവാദത്തിന്റെയും പരിസ്ഥിതിവാദത്തിന്റെയും കോളനിയനന്തരവാദത്തിന്റെയും ക്വീർ സിദ്ധാന്തത്തിന്റെയും അടിസ്ഥാനസമീപനമായി. ഈ നിലയിൽ ഘടനാവാദ, ഘട

നോത്തരവാദങ്ങൾ മാനവികവാദാനന്തരതയുടെ സമീപനങ്ങളാണെന്നു പറയാം.

സ്വന്തം ഇച്ഛാശക്തി കൊണ്ട് തന്നെത്താൻ നിർമിക്കാൻ ശേഷിയുള്ള മനുഷ്യൻ എന്നത് പുതിയ മുതലാളിത്ത കാലത്ത് അസാധ്യമായി എന്നതും കമ്പോളത്തിന്റെ വികാസം മനുഷ്യനെത്തന്നെ ഒരു വസ്തുവാക്കി മാറ്റിയിരിക്കുന്നു എന്നതും മാനവികതാവാദത്തിന്റെ നിലനില്പിനെ അസ്ഥിരപ്പെടുത്തിയ ഘടകങ്ങളാണ്. പത്തൊമ്പതാം നൂറ്റാണ്ടിൽത്തന്നെ മാർക്സിസം ചൂണ്ടിക്കാണിച്ചത് ഈ കാര്യമാണ്. ആ നിലയിൽ മാർക്സിസത്തിലും മാനവികാനന്തരമായ ഒരു സമീപനം കണ്ടെത്താവുന്നതാണ്. *ജർമൻ പ്രത്യയശാസ്ത്രം* എന്ന കൃതി ഈ പരിണാമത്തെ തത്വചിന്താപരമായി സ്ഥാനപ്പെടുത്തുന്നതായിരുന്നു എന്നും പറയാം.

സാങ്കേതിക വിദ്യയിലുണ്ടായ വലിയ മാറ്റം യന്ത്രമനുഷ്യന് ജന്മം നൽകുകയും നിർമിതബുദ്ധി വ്യാപകമാവുകയും ചെയ്തതോടെ മസ്തിഷ്ക സവിശേഷത എന്ന നിലയിലുള്ള മനുഷ്യശേഷിയും വെല്ലുവിളിക്കപ്പെട്ടു. ഇതിനെയാണ് ഒരു പക്ഷെ മാനവികാനന്തരതയുടെ ഏറ്റവും പ്രകടമായ മുഖമായി ഇന്ന് തിരിച്ചറിയുന്നത്. മാനവികവാദാനന്തരത എന്നതിനപ്പുറം അത് മാനവാനന്തരത എന്നു തന്നെ വിളിക്കാവുന്ന നിലയിലെത്തിയിട്ടുമുണ്ട്. ചാറ്റ് ജിപിടിയുടെ വരവോടെ മാനവാനന്തരത അക്കാദമിക മേഖലയിലും പുതിയ വെല്ലുവിളികൾ ഉയർത്തിയിരിക്കുന്നു.

ഈ വിവരിച്ച കാര്യങ്ങളൊക്കെ ഏറിയും കുറഞ്ഞും മനുഷ്യവ്യക്തിയുടെ സ്വതന്ത്രചിന്താശേഷിയെയും നിർവഹണ ശേഷിയെയും നിർമാണ ശേഷിയെയും ചോദ്യം ചെയ്യുന്നതാണെന്നു പറയാം. വർഗപരമായ സംഘടിത ശേഷിയെ അംഗീകരിക്കുമ്പോൾത്തന്നെ വ്യക്തിയെന്ന നിലയിലുള്ള മനുഷ്യന്റെ സാധ്യതകളെ പരിമിതപ്പെടുത്തുന്ന ഒരു ഘടകം മാർക്സിസത്തിന്റെ തന്നെ പല വ്യാഖ്യാനങ്ങളിലും പ്രയോഗരീതികളിലുമുണ്ട്.

1960 –80 കാലഘട്ടത്തിൽ യൂറോപ്പിൽ രൂപപ്പെട്ട പല പോസ്റ്റ് മാർക്സിസ്റ്റ് സിദ്ധാന്തധാരകളും വ്യക്തികളുടെയും ചെറുകൂട്ടായ്മകളുടെയും വർഗേതരമായ

സാമൂഹ്യവിഭാഗങ്ങളുടെയും ഇടപെടൽ ശേഷിയെ കണ്ടെടുക്കാനുള്ളതായിരുന്നു. അത് വ്യക്തികളുടെ മുൻകയ്യുടെയും അതുവഴി രൂപപ്പെടുന്ന കൂട്ടായ്മകളുടെയും പ്രാധാന്യത്തെ എടുത്തു പറഞ്ഞിരുന്നു. ജനാധിപത്യത്തിന്റെ റാഡിക്കലൈസേഷനും ബഹുത്വവൽക്കരണവുമാണ് പലരും ഉയർത്തിപ്പിടിച്ചത്. ഏണസ്റ്റ്

ലക്ലുവിന്റെയും ചാന്റൽ മൗഫിന്റെയും സമീപനങ്ങൾ ഒരുദാഹരണം മാത്രം.

ആധുനികത മുന്നോട്ടുവെച്ച വ്യക്തിബോധത്തെ മറ്റൊരു തരത്തിൽ വെല്ലുവിളിച്ചത് ഫാസിസമാണ്. പത്തൊമ്പതാം നൂറ്റാണ്ടിൽ ഏറ്റവും കൂടുതൽ വിശകലനത്തിന് വിധേയമായ സാമൂഹ്യപ്രതിഭാസം മുതലാളിത്തമാണെങ്കിൽ ഇരുപതാം നൂറ്റാണ്ടോടു കൂടി ഫാസിസവും ആഴത്തിൽ പരിശോധിക്കപ്പെടേണ്ട വിഷയമാണെന്ന് വ്യക്തമായി. ഏറിയും കുറഞ്ഞും ഇന്ത്യയുൾപ്പെടെ ലോകത്തിന്റെ പല ഭാഗത്തും പ്രത്യക്ഷപ്പെട്ട അപരവ്യക്തികളോടും അപരസമൂഹങ്ങളോടുമുള്ള വിരോധത്തെ വിശകലനം ചെയ്യേണ്ടത് വിമർശനാത്മക സിദ്ധാന്തത്തിന്റെ പ്രധാനമേഖലയായി. ഈ ഘട്ടത്തിലാണ് ആത്മത്തെക്കുറിച്ചും അപരത്തെക്കുറിച്ചുമുള്ള ചിന്തകൾ പ്രധാനമായിത്തീർന്നത്. ഈ വിഷയവുമായി ബന്ധപ്പെട്ട് ഈ പ്രബന്ധത്തിൽ  ഇമ്മാനുവേൽ ലെവിനാസി(1905-1995)ന്റെ സങ്കല്പനങ്ങളെ സാമാന്യമായി നോക്കിക്കാണാനാണ് ശ്രമിക്കുന്നത്.[1]

ആധുനികതയിലെ ആത്മസങ്കല്പത്തെ ചോദ്യം ചെയ്യുക എന്നത് ഘടനാവാദത്തിന്റെ പ്രധാനമായ വിശകലന രീതിയായിരുന്നല്ലോ.  നേരത്തെതന്നെ ഞാൻ ചിന്തിക്കുന്നു അതിനാൽ ഞാൻ ഉണ്ട് എന്ന റെനെ ദക്കാർത്തിന്റെ പ്രസ്താവന ആധുനിക തത്വചിന്തയുടെയും ആധുനികമായ അന്വേഷണ രീതികളുടെയും അടിത്തറയായാണ് മനസ്സിലാക്കപ്പെടുന്നത്. അത് ആധുനിക ശാസ്ത്രത്തിന്റെയും വ്യക്തികേന്ദ്രിതമായ പുരോഗതി സങ്കല്പത്തിന്റെയും കൂടി ചിന്താപരമായ അടിപ്പടവായി. സമൂഹമില്ലാതെ സ്വയം പൂർണമായി നില്ക്കാൻ ശേഷിയുള്ള ആത്മബോധത്തെയാണ് ഇതിലൊക്കെ  സങ്കല്പിക്കപ്പെട്ടത്.

ആത്മബോധമെന്നത് സാമൂഹ്യബോധം തന്നെയാണ് എന്ന് ജർമൻ ചിന്തകനായ ജോൺ ഗോട്ട്ലിബ് ഫിഷ്റ്റെ (1762-1814) നേരത്തെ തന്നെ തിരിച്ചറിയുന്നുണ്ട്. ഹെഗലിലെത്തുമ്പോഴേക്കും ആത്മവും അപരവും തമ്മിലുള്ള ബന്ധവും വ്യക്തമാക്കപ്പെടുന്നു. ഹെഗലിന്റെ സങ്കല്പം ഫ്രോയ്ഡിയൻ മനോവിശ്ളേഷണത്തിന്റെ കൂടി  അടിസ്ഥാനത്തിൽ ഴാക് ലക്കാനിലെത്തുമ്പോൾ അപരമില്ലാതെ ആത്മമില്ല എന്ന കാഴ്ചയിലേക്കും വളരുന്നുണ്ട്. എന്നാൽ ഇതൊന്നും ഒരു വ്യക്തിയും മറ്റൊരു വ്യക്തിയും തമ്മിലും ഒരു സമൂഹവും മറ്റൊരു സമൂഹവും തമ്മിലുമുള്ള ഇടപെടലിന്റെ ധാർമിക പ്രശ്നത്തിലേക്ക് നയിക്കുന്നതായിരുന്നില്ല. ലെവിനാസിൽ നാം കാണുന്നത് ധാർമികതയുടെ ഈ തലമാണ്. ലക്കാനെയും

ലെവിനാസിനെയും താരതമ്യം ചെയ്യുന്ന പഠനങ്ങളുണ്ട്. മാർട്ടിൻ ഹെഡഗറുടെ സൈദ്ധാന്തിക തുടർച്ചയിൽ നിന്നുകൊണ്ടും ലക്കാനും ലെവിനാസും തമ്മിലും താരതമ്യ സാധ്യതയുണ്ട്. മാരി റോട്ടിയുടെ *ലെവിനാസിനും ലക്കാനുമിടയിൽ* (Between Levinas and Lacan) എന്ന പുസ്തകത്തിൽ ലെവിനാസിന്റെയും ലക്കാന്റെയും ധാർമികതാ സങ്കല്പങ്ങളെ ജൂഡിത് ബട്ലർ, അലൻ ബാദിയു, ഹാബർമാസ് എന്നിങ്ങനെയുള്ള പാശ്ചാത്യ ചിന്തയിലെ പ്രമുഖരുടെ ചിന്തകളുമായി താരതമ്യം ചെയ്യുന്നുണ്ട്.

ഹുസ്സേളിന്റെ പ്രതിഭാസ വിജ്ഞാനീയത്തിന്റെ വിമർശനാത്മകമായ തുടർച്ച പങ്കിടുന്നവർ എന്ന നിലയിൽ സാർത്രും ലെവിനാസും തമ്മിലും താരതമ്യത്തിന് സാധ്യതയുണ്ട്. ഈ നിലയിലുള്ള പഠനങ്ങൾ വന്നു കഴിഞ്ഞിട്ടുണ്ട്. ലെവിനാസ് എഴുതിയ *ഹുസ്സേളിന്റെ പ്രതിഭാസ വിജ്ഞാനീയത്തിലെ അന്തർജ്ഞാനം* (The Theory of Intuition in Husserl's Phenomenology, 1930) എന്ന കൃതി സാർത്ര് 1933-ൽ തന്നെ വായിച്ചിട്ടുണ്ടെന്നും സാർത്രിന്റെ ഓക്കാനം (നോസിയ) എന്ന ആശയം നേരത്തെ തന്നെ ലെവിനാസിൽ വന്നിട്ടുണ്ടെന്നും സാറാ ഹാമർഷ്ലാഗ് ചൂണ്ടിക്കാട്ടുന്നുണ്ട് (210).

തത്വചിന്തയുടെയും മനോവിശ്ലേഷണത്തിന്റെയും വഴികളെ അറിവിനെ സംബന്ധിച്ച അടിസ്ഥാന ധാരണകളുമായി ചേർത്തുവെക്കുമ്പോൾ ജ്ഞാനാന്വേഷണങ്ങളുടെ ഘടകങ്ങൾ പുനക്രമീകരിക്കപ്പെടുന്നതാണ് നാം ലെവിനാസിൽ കാണുന്നത്. തത്വശാസ്ത്രത്തിന്റെ ഘടകങ്ങളായി പാശ്ചാത്യചിന്തയിൽ പറയാറുള്ളത് ഇവയാണല്ലോ. 1. സത്താശാസ്ത്രം (Ontology), 2. ജ്ഞാനശാസ്ത്രം (Epistemology), 3. തർക്കശാസ്ത്രം (Logic) 4. സൗന്ദര്യശാസ്ത്രം (Aesthetics), 5. നീതിശാസ്ത്രം (Ethics)

സൗന്ദര്യശാസ്ത്രത്തെയും നീതിശാസ്ത്രത്തെയും ശുദ്ധമായ അറിവിനു പുറത്തുള്ള രണ്ടു മേഖലകളായാണ് കാന്റ് വിശദീകരിച്ചത്. സ്ഥലം, കാലം തുടങ്ങിയ അന്തർജ്ഞാനപരമായ അറിവ് മറ്റെല്ലാ അറിവുകൾക്കുമുള്ള മുൻ ഉപാധിയാണെന്നും കാന്റ് പറഞ്ഞിരുന്നു. സത്താശാസ്ത്രത്തെയും ജ്ഞാനശാസ്ത്രത്തെയും മുൻനിർത്തിയുള്ള ആലോചനയിൽ ഈ നിലയിൽ താരതമ്യേന അപ്രധാനമായ സ്ഥാനം നൽകിയ നീതിശാസ്ത്രത്തെ തത്വചിന്തയുടെ തന്നെ കേന്ദ്രപ്രമേയവും കേന്ദ്ര പ്രശ്നവുമായി കണ്ടു എന്നതാണ് ലെവിനാസിന്റെ സവിശേഷത. വ്യക്തിയെന്ന നിലയിൽ ഫാസിസത്തിൽ നിന്ന് അനുഭവിക്കേണ്ടി വന്ന പീഡനങ്ങൾ ഈ സമീപനത്തിന് ഒരു അനുഭവ തലം കൂടി നൽകുന്നുമുണ്ട്.

ആസ്ത്രിയൻ-ജർമൻ ചിന്തകനായ എഡ്മണ്ട് ഹുസ്സേളി(1859 –1938)ന്റെ പ്രതിഭാസ വിജ്ഞാനീയത്തിന്റെ പാരമ്പര്യത്തിൽ നിന്നാണ് ലെവിനാസ് തന്റെ ബൗദ്ധിക ജീവിതം ആരംഭിക്കുന്നത്. 1930-ൽ *ഹുസ്സേളിന്റെ പ്രതിഭാസ വിജ്ഞാനീയത്തിലെ അന്തർജ്ഞാനം* എന്ന വിഷയത്തിലാണ് ലെവിനാസ് ഗവേഷണ ബിരുദം നേടുന്നത്. *സമഗ്രതയും അനന്തതയും* (Totality and Infinity: An Essay on Exteriority1961), *ഉണ്മയിൽ നിന്ന് വ്യത്യസ്തമായത് അഥവാ സത്തയ്ക്കപ്പുറം* (Otherwise Than Being: Or Beyond Essence 1974) തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ പ്രസിദ്ധമായ കൃതികൾ. ആധുനിക തത്വചിന്തകരിൽ പ്രധാനികളായ ഹെഗൽ, ഹുസ്സേൾ, ഹെഡഗർ എന്നിവരോടുള്ള വിമർശനാത്മകമായ സംവാദമായാണ് അദ്ദേഹത്തിന്റെ തത്വചിന്ത മനസ്സിലാക്കപ്പെടുന്നത്.

1934-ൽ ഹിറ്റ്ലറിസത്തെ  വിശകലനം ചെയ്യുന്ന ഹിറ്റ്ലറിസത്തിന്റെ തത്വചിന്തയെക്കുറിച്ച് ഒരാലോചനഎന്ന ലേഖനം അദ്ദേഹം രചിക്കുന്നു. ഹിറ്റ്ലർ അധികാരത്തിലെത്തിയ ഉടനെ എഴുതിയ പ്രബന്ധമാണത്. യുക്തിചിന്തയിലൂടെ തന്നെ നാം എത്തിച്ചേർന്ന തിന്മയാണ് ഹിറ്റ്ലറിസത്തിന് അടിസ്ഥാനമെന്നും ആധുനിക തത്വചിന്ത ഈ വഴിയിൽ വേണ്ടത്ര വിശകലനം ചെയ്യപ്പെട്ടിട്ടില്ലെന്നും ലെവിനാസ് ഇതിൽ വ്യക്തമാക്കുന്നു.

ഹിറ്റ്ലറുടെ തത്വചിന്ത വളരെ ലളിതമാണ്. അതിൽ നിന്ന് പുറത്തേക്ക് വരുന്ന പദപ്രയോഗങ്ങൾ ജർമനിയുടെ ആത്മാവിലെ നിഗൂഢമായ ഗൃഹാതുരതയാണ് വ്യക്തമാക്കുന്നത്. ഹിറ്റലറലിസം എന്നത് ഒരു പകർച്ച വ്യാധിയോ ഭ്രാന്തോ മാത്രമല്ല, അത് ഏറ്റവും പ്രാഥമികമായ വികാരങ്ങളുടെ ഉണർത്തലാണ് എന്ന് ലെവിനാസ് നിരീക്ഷിക്കുന്നു.

തത്വചിന്താപരമായ താത്പര്യം ഉണർത്തുന്നതു കൂടിയാണ് ഈ ഭീകരമായ ചിന്താരീതി എന്നും അദ്ദേഹം പറയുന്നു. ആധുനിക യൂറോപ്പിൽ വികസിച്ചു വന്ന ലിബറൽ ചിന്താഗതിയിലെ യുക്തിയെ കേന്ദ്രീകരിക്കുന്ന ശുദ്ധവ്യക്തി എന്ന സങ്കല്പത്തെയാണ് അദ്ദേഹം ആദ്യം പരിശോധിക്കുന്നത്. വൈയക്തിക സാർവലൗകികത(individual universality)യുടെ വിമർശനമാണ് തുടക്കിൽത്തന്നെ ലെവിനാസ് ഈ നിലയിൽ മുന്നോട്ടുവെക്കുന്നതെന്നു പറയാം.

ചരിത്രമില്ലാത്ത, ശുദ്ധവും സ്വതന്ത്രവുമായ ആധുനിക വ്യക്തി സങ്കല്പത്തെ വിമർശിച്ചു കൊണ്ട് ആദ്യം രംഗത്തു വന്നത് മാർക്സിസമാണ് എന്ന് ഈ പ്രബന്ധത്തിൽ ലെവിനാസ് നിരീക്ഷിക്കുന്നുണ്ട്. വ്യക്തി എന്നത് ശുദ്ധ യുക്തിയല്ലെന്നും മനുഷ്യന് ചില

ഭൗതിക ആവശ്യങ്ങളുണ്ടെന്നും മാർക്സിസം സ്ഥാപിച്ചു. മനുഷ്യാത്മാവ് ഭൗതികവും സാമൂഹ്യവുമായ ഘടകങ്ങളുടെ ഔദാര്യത്തിലാണുള്ളത്. അതിനാൽ മാർക്സിസം യൂറോപ്യൻ സംസ്കാരത്തിന് എതിരായി നില്ക്കുന്നു, അഥവാ അതിന്റെ രേഖീയ സഞ്ചാരത്തിന് ഭംഗമുണ്ടാക്കുന്നു.

ഭൗതികവാദം ഭൗതികതയെ ശരീരമായി പരിമിതപ്പെടുത്തി എന്ന് നിരീക്ഷിക്കുന്ന ലെവിനാസ് ശരീരത്തെ മറുവശത്ത് ലിബറലിസം നിരാകരിക്കുന്നതിനെക്കുറിച്ചും സൂചിപ്പിക്കുന്നു. കേവലമായ വ്യക്തി സങ്കല്പത്തിന്റെ പരിമിതികളിലേക്കാണ് തുടർന്ന് അദ്ദേഹം എത്തുന്നത്.

മനുഷ്യന്റെ സത്ത കിടക്കുന്നത് സ്വാതന്ത്ര്യത്തിലല്ലെന്നും പകരം ഒരു തരം പരസ്പരം ബന്ധന( ബോൺഡേജ്) ത്തിലാണെന്നും അദ്ദേഹം പറയുന്നുണ്ട്. തൊട്ടുമുമ്പിലുള്ള താത്കാലിക സാഹചര്യങ്ങളിൽ നിന്നുള്ള പറന്നുയരലിലല്ല മനുഷ്യൻ യഥാർഥ സത്ത കൈവരിക്കുന്നത്. നമ്മുടെ ശരീരത്തിന് അനന്യമായുള്ള ബന്ധനങ്ങളെക്കുറിച്ച് ബോധവാനാകുന്നതിലാണ്, ആ ബന്ധനം സ്വീകരിക്കുന്നതിലാണ്.

ഫാസിസത്തിന് ആശയപരമായ പിന്തുണ ലഭിച്ചത് നീഷെയിൽ നിന്നാണെന്ന വിമർശനത്തെ ലെവിനാസും ശരി വെക്കുന്നുണ്ട്. നീഷെയുടെ ഇച്ഛാശക്തിയിലൂന്നിയ മനുഷ്യ സങ്കല്പം ആത്യന്തികമായ യുദ്ധത്തിലും കീഴടക്കലിലും എത്തിക്കുന്നു എന്നാണ് ലെവിനാസ് ലേഖനത്തിന്റെ അന്ത്യത്തിൽ വ്യക്തമാക്കുന്നത്. നീഷെയുടെ സാരതുഷ്ട്ര (Thus Spoke Zarathushtra)യിൽ പറയുന്ന സാർവലൗകികത എന്ന സങ്കല്പം ആത്യന്തികമായി കീഴടക്കലിന്റെ അടിത്തറയായിത്തീരുകയാണ്.

ഫാസിസത്തെ ഈ രിതിയിൽ തന്റെ തുടക്കകാലത്ത് വിശകലനം ചെയ്ത ലെവിനാസ് പിന്നീടാണ് തത്വചിന്തയുടെ മുൻഗണനാക്രമങ്ങൾ തിരിച്ചിടുന്നത്. അപരതത്തെ അദ്ദേഹം ഓൺടോളജിയെയും എതിക്സിനെയും അഭിമുഖമായി നിർത്തി.ബോധത്തിന്റെ മറ്റൊരു തലത്തിൽനിന്നാണ് തത്വചിന്ത ജനിക്കുന്നത് എന്നതിനാൽ ആദ്യ തത്വചിന്ത നീതിശാസ്ത്രം (എത്തിക്സ്) ആണ്.

തത്വചിന്ത തുടങ്ങുന്നത് ഓൺടോളിജിയാലോ ചിന്താസംവർഗത്താലോ അല്ല. തത്വചിന്ത എന്നത് ഒരു ബോധം തന്നോടു തന്നെ ചോദിക്കുന്ന ചോദ്യമാകാനേ തരമുള്ളൂ. അസ്തിത്വത്തിന്റെ സാധ്യതകളും ചിന്താ സാധ്യതകളുമാണ് തത്വചിന്ത. അപരത്തെ വ്യാഖ്യാനിച്ചു കൊണ്ടേ അതു സാധ്യമാകൂ. 1930-കളിൽ ഫ്രാൻസിൽ

അപരത്തെക്കുറിച്ചുള്ള വ്യവഹാരം ആരംഭിക്കുന്നത് ഫ്രഞ്ചു ചിന്താ ലോകം ഗൗരമായി ഹെഗലിനെ മനസ്സിലാക്കിത്തുടങ്ങുന്നതോടു കൂടിയാണ്. ദക്കാർത്തിയൻ-കാന്റിയൻ പാരമ്പര്യത്തിലുള്ള ആത്മ കേന്ദ്രിതത്വത്തിലേക്ക് അതോടെ അപരം കൂടി കടന്നു വരുന്നു. ലെവിനാസ് പിൻപറ്റിയിരുന്ന ഹുസ്സേളിന്റെ തത്വചിന്തയിലെ ആത്മ ബോധത്തെയും പുനർനിർവചിക്കാനുള്ള ശേഷി ഹെഗലിന്റെ അപ രത്വ സങ്കല്പത്തിനുണ്ടായിരുന്നു.

ഴാങ് വാൾ ഹെഗലിന്റെ തത്വചന്തയിലെ ബോധത്തിന്റെ അസന്തുഷ്ടി(Jean Wahl- The Unhappiness of Consciousness in Hegel's Philosophy, 1929) എന്ന പഠനം നേരത്തെ തന്നെ പുറത്തിറ ക്കുന്നുണ്ട്. സാർത്രിലും ലെവിനാസിലും പിൽക്കാലത്തു കണ്ട ചില ആശയങ്ങളുടെ തുടക്കം ഇതിലുണ്ട്. ഫ്രാൻസിൽ അലക്സാണ്ടർ കൊജേവും ഴാങ് ഹിപ്പോലിറ്റും ഹെഗലിനെ 1930- കളിൽ തങ്ങ ളുടെ ക്ലാസുകളിലൂടെ പരിചയപ്പെടുത്തി. ഹെഗലിനെ പിൽക്കാ ലത്ത് സ്വാംശീകരിച്ച പല ഫ്രഞ്ച് ചിന്തകരും ഇവരുടെ ക്ലാസുകൾ കേട്ടവരായിരുന്നു. സാർത്രിലും ലക്കാനിലുമെല്ലാം അപരത്വത്തെ ക്കുറിച്ചുള്ള നീരീക്ഷണങ്ങൾ കാണാം. അന്യനാണ് നരകം എന്ന സാർത്രിന്റെ പ്രഖ്യാപനം അപരത്വത്തെ അംഗീകരിക്കുന്നതിനെ ക്കാൾ അപര സാന്നിധ്യത്തെ മനുഷ്യാവസ്ഥയുടെ ഒരു ദുര്യോഗമോ ദുരന്തമോ ആയി കാണുന്നതാണ്. ലക്കാനാകട്ടെ അപരത്വത്തെ ആത്മത്തിന്റെ ഭാഗമായി തന്നെ കണ്ടു. അപരമില്ലെങ്കിൽ ആത്മ മില്ല എന്ന ലക്കാന്റെ സമീപനം അപര വ്യക്തി എന്നതിനെക്കാൾ അപരം എന്ന സത്താബോധവുമായി ബന്ധപ്പെട്ടതാണ്. താൻ തന്നെ അപരനിൽ പ്രതിഫലിക്കുന്നതു വഴിയുണ്ടാകുന്നതുമാണ ത്. എന്നാൽ ലെവിനാസിലെത്തുമ്പോൾ അപരൻ എന്നത് ഒരു ധാർമിക സാന്നിധ്യവും ഉത്തരവാദിത്തവുമായി മാറുന്നു. ഇതാണ് നിർണായകമായ വ്യതിയാനം. മതപരമായ ചിന്തയുമായി അത് ബന്ധപ്പെടുന്നതും ബന്ധം ആരോപിക്കപ്പെടുന്നതും ഇതുകൊണ്ടാ ണ്.

വ്യക്തിയെ കേന്ദ്രമായി കാണുന്ന ചിന്താപ്രക്രിയയുടെ ക്രമി കമായ വികാസത്തെ നാം ഇങ്ങനെയാണ് മനസ്സിലാക്കുന്നത്: തത്വ ചിന്തയുടെ ആദ്യഘടകങ്ങളായ സത്തയെക്കുറിച്ചും ജ്ഞാനശാസ്ത്ര ത്തെക്കുറിച്ചുമൊക്കെ ആദ്യം തിരിച്ചറിയുന്നു. അതിനുശേഷം നീതി ശാസ്ത്രവും അപരനെക്കുറിച്ചുള്ള ചിന്തയുമെല്ലാം കൂട്ടിച്ചേർക്കപ്പെ ടുകയാണ്. വ്യക്തിയിൽ നിന്ന് സമൂഹത്തിലേക്കുള്ള ക്രമികമായ വികാസം എന്നതാണതിന്റെ മാതൃക. വ്യക്തിയെന്ന നിലയിലുള്ള

അഹംബോധം ഈ ഘട്ടത്തിലെല്ലാം ഒരേ പോലെ സജീവവും സ്വയം പൂർണവുമായി സന്നിഹിതമാണ്. ഈ ക്രമത്തെയാണ് ലെവിനാസ് അട്ടിമറിക്കുന്നത്. ലെവിനാസിനെ സംബന്ധിച്ചിടത്തോളം ബോധം തന്നെ പ്രാഥമികമായി മറ്റൊരാളുമായുള്ള ബന്ധത്തിൽനിന്ന് രൂപപ്പെടുന്നതാണ്.

മറ്റു മനുഷ്യരുമായുള്ള ബന്ധത്തിൽനിന്നാണ് ആദ്യ തത്വചിന്ത ആരംഭിക്കുന്നത് . അത് നീതിശാസ്ത്രമല്ലാതെ മറ്റൊന്നുമല്ല. മറ്റൊരാളോട് ഉത്തം പറയാൻ ബാധ്യതപ്പെടുന്ന ആത്മത്തെയാണ് ലെവിനാസ് ലക്ഷ്യം വെക്കുന്നത്. ലെവിനാസിന് അപരൻ എന്നത് കേവലം അമൂർത്തമായ ഒരു സങ്കല്പമല്ല. അത് അപരന്റെ മുഖം തന്നെയാണ്. അപരന്റെ മുഖം എന്ന സങ്കല്പം ലെവിനാസിൽ നിർണായകമാണ്.

ഒറ്റയ്ക്കുള്ള എനിക്ക് സ്വയം ഒരു സമഗ്രതയുണ്ടെന്നാണ് ധാരണ. എന്നാൽ ഞാൻ സ്വന്തം സമഗ്രതയിൽ നിന്ന് അപരന്റെ മുഖത്തെ സംബോധന ചെയ്യുന്നതോടു കൂടി ബാഹ്യതയിലേക്കും അതിവർത്തനത്തിലേക്കും പ്രവേശിക്കുന്നു എന്ന് ലെവിനാസ് വ്യക്തമാക്കുന്നു. പുറത്തേക്കും അപരത്വത്തിലേക്കുമുള്ള ഈ പ്രവേശത്തെയാണ് അനന്തത എന്നതു കൊണ്ട് അദ്ദേഹം വിവക്ഷിക്കുന്നത് (1979: 24-25).

മാർട്ടിൻ ഹെഡഗർക്കും അസ്തിത്വവാദികൾക്കുമെല്ലാം ഉണ്മയാണ് പ്രാഥമികമായ തത്വചിന്താപ്രശ്നം. എന്നാൽ ലെവിനാസിനെ സംബന്ധിച്ചിടത്തോളം ഏകാന്തമായ ഒരു ബോധം ഉണ്മയെ മനസ്സിലാക്കിയെടുക്കുന്നതല്ല തത്വചിന്തയുടെ അടിസ്ഥാനം. കാരണം ഓരോ മനുഷ്യനും തനിക്കു പുറത്താണ് സ്ഥിതി ചെയ്യുന്നത്. തന്നെ അതിവർത്തിച്ചു നില്ക്കുന്നതാണ് മനുഷ്യന്റെ സ്വത്വം. ഉണ്മയുമായി ബന്ധപ്പെട്ടു നില്ക്കുന്ന ബഹുത്വമാണ് മനുഷ്യന്റെ സത്ത. മനുഷ്യനെന്നത് ഉണ്മയുടെ ബഹുലതയാണ്.

ഹുസ്സേളിന്റെ പ്രതിഭാസ വിജ്ഞാനീയം മനുഷ്യബോധത്തെ ഏതിലേക്കെങ്കിലും ഉന്മുഖമായി നില്ക്കുന്ന ബോധമായി കാണുന്നുണ്ട്. ഉദ്ദേശ്യപരത (intentionality)യാണ് അതിലുള്ളത്. എന്നാൽ ലെവിനാസിനാകട്ടെ മനുഷ്യബോധം കേവലമായ ഉദ്ദേശ്യപരതയല്ല. അത് സംവേദനക്ഷമതയും അപരനോടുള്ള ഉത്തരവാദിത്തവുമാണ്. ഹുസ്സേളിന്റെ ബോധസങ്കല്പം വസ്തുപ്രകൃതിയെ ധ്യാനിക്കുന്ന ഏകാന്തതയാണെങ്കിൽ ലെവിനാസിന് അത് മറ്റു മനുഷ്യരുമായി ചേർന്നു കൊണ്ടുള്ള ധാർമികബോധമാണ്. ആത്മവിഷയിത്വവുമായി

മാത്രം ബന്ധപ്പെട്ട് സത്യത്തെ കാണാമെന്ന ഹുസ്സേളിയൻ നിലപാടിനെ ലെവിനാസ് തള്ളുന്നു. സത്യവും ധാർമികതയും തമ്മിൽ ബന്ധമുണ്ട്. അന്യനിലേക്കുള്ള ചലനം ഉൾക്കൊള്ളുന്നതാണ് ജ്ഞാനത്തിന്റെ വഴി.

നൈതികത നേരത്തെകൂട്ടി രൂപപ്പെടുന്ന സാർവലൗകികമായ ധാർമികതയിൽ നിന്നു രൂപപ്പെടുന്നതായാണ് പൊതുവെ നാം കരുതുന്നത്. സാർവലൗകികമായ ചില നിയമങ്ങളുണ്ടെന്നും അതിനോടു ചേർന്നു നില്ക്കുമ്പോഴാണ് നാം ധാർമികരാകുന്നത് എന്നുമായിരുന്നു കാന്റിന്റെ സങ്കല്പം. ലെവിനാസിന്റെ ധാർമികത കാന്റിന്റെ ധാർമിക സങ്കല്പത്തിൽനിന്നും വ്യത്യസ്തമാണ്. ലെവിനാസിൽ അപരനുമായുള്ള മുഖാമുഖത്തിൽനിന്നാണ് ധാർമികത രൂപപ്പെടുന്നത്. ധാർമികവും രാഷ്ട്രീയവുമായ നിയമങ്ങൾക്ക് മുമ്പാണ് മുഖവുമായുള്ള എൻഗേജ്മെന്റ്.

യാഥാർഥ്യത്തെക്കുറിച്ചുള്ള അറിവി( Knowledge of the Real) നെക്കാൾ നന്മയെക്കുറിച്ചുള്ള അറിവാ(Knowledge of the Good)ണ് പ്രധാനം. പ്ലാറ്റോവിലും ഈ നിലയിലുള്ള മുൻഗണന ഉണ്ടായിരുന്ന കാര്യം അദ്ദേഹം നിരീക്ഷിക്കുന്നുണ്ട്.

അന്യന്റെ മുഖം വ്യക്തിയുടെ സമഗ്രതയെ ചെറുക്കുന്നു. സ്വന്തം സമഗ്രതയെ ചോദ്യം ചെയ്യുന്നതാണ് അപരന്റെ നോട്ടം എന്ന സാർത്രിയൻ സങ്കല്പവും ഇതിന് സമാനമാണ്. മറ്റൊരു ബോധത്തെ സംബോധന ചെയ്യുമ്പോൾ വരുന്ന ട്രോമയെക്കുറിച്ച് മനോവിശ്ളഷണ ചിന്തയിൽ ലക്കാൻ സൂചിപ്പിക്കുന്നുണ്ട്. അത് ധാർമികമായ ഒന്നായി ലെവനാസിൽ പരിഹരിക്കപ്പെടുകയാണ് ചെയ്യുന്നത്.

അപരൻ അടിസ്ഥാനപരമായിത്തന്നെ ധാർമികമായ ഒരുത്തരവാദിത്തമായിത്തീരുന്നു എന്നതാണ് സാർത്രിന്റെയും ലക്കാന്റെയും അപരനിൽ നിന്ന് ലെവിനാസിന്റെ അപരനുള്ള വ്യത്യാസം. അതുകൊണ്ടു തന്നെയാണ് അതിന് മതപരമായ പരിവേഷം വരുന്നതും. സാർത്രിൽ അപരനോടുള്ള പ്രതിബദ്ധത പിന്നീട് വരുന്നുണ്ടെങ്കിലും അത് സത്താപരമായ ഒരു ബാധ്യതയല്ല. സ്വാതന്ത്ര്യവും ബുദ്ധിയുമുപയോഗിച്ചുള്ള തെരഞ്ഞെടുപ്പാണ്. അപരന്റെ മുഖത്തിൽ ലെവിനാസിനെ സംബന്ധിച്ചിടത്തോളം ദൈവികതയുടെ ശേഷിപ്പുണ്ട്. തനിക്കാണ് ഏറ്റവും കുടുതലായി ലോകത്തിന്റെ ഉത്തരവാദിത്തമുള്ളത് എന്ന ദസ്തയേവ്സകിയുടെ അല്യോഷ കരമസോവിന്റെ വാക്യങ്ങൾ ലെവിനാസിനും മാർഗദർശകമാണ്.

ഭാഷയെന്ന അന്യത്വത്തെക്കുറിച്ചും ലക്കാനിൽ സങ്കല്പമുണ്ടല്ലോ. ഈ ഭാഷയും ലെവിനാസിന് അന്യന്റെ വിളിയാണ്. സഹായാഭ്യർത്ഥനയാണ്. ഇതെല്ലാം മുഖാമുഖത്തിലൂടെ ലഭിക്കുന്നതുമാണ്.

മുഖാമുഖത്തിന് ഒരു എത്തിക്കൽ ഉള്ളടക്കമുണ്ട്. ഭാഷയിലും സമുദായത്തിലും ധാർമികത അടിസ്ഥാനപ്പെടുത്തിയിരിക്കുന്നു. അഥവാ ഭാഷയും സമൂദായവും ധാർമികതയുടെ അടിത്തറയാണ്. അപരന്റെ മുഖം ഭാഷയ്ക്കും ചിന്തയ്ക്കും മുമ്പെ ഉണ്ട്.

ലെവിനാസിന്റെ സമീപനത്തിന് എതിരും അനുകൂലവുമായ നിലപാടുകൾ ഫ്രഞ്ച് ചിന്താലോകത്തു നിന്നുണ്ടായിട്ടുണ്ട്. പുരുഷകേന്ദ്രിതമാണ് ലെവിനാസിന്റെ സമീപനം എന്ന് സിമോൺ ദ ബുവ്വെ വിമർശിച്ചിട്ടുണ്ട്. അതിന് സ്ത്രീ പക്ഷത്തു നിന്നു തന്നെ മറുപടിയും ഉണ്ടായിട്ടുണ്ട്. അലൻ ബാദിയുവിനെപ്പോലുള്ള പ്രാമാണികർ മതാത്മകതയിലേക്കുള്ള തിരിച്ചുപോക്കാണെന്ന് ലെവിനാസിനെ വിമർശിച്ചു. ഴാക് ദറീദയും ലെവിനാസിനെ ഗൗരവമായ വിശകലനത്തിന് വിധേയമാക്കിയിട്ടുണ്ട്. ഏണസ്റ്റ് വോൾഫ് ലെവിനാസിന്റെ ഉത്തരവാദിത്തം എന്ന സങ്കല്പത്തിന്റെ പ്രസക്തിയെ അംഗീകരിക്കുമ്പോൾത്തന്നെ ആഗോളമായ സാഹചര്യങ്ങളിലും ചരിത്രത്തിന്റെ വിവിധ ഘട്ടങ്ങളിലും ഈ സങ്കല്പത്തിന് വരാവുന്ന നിഷേധാത്മകമായ ഘടകങ്ങളെയും എടുത്തു കാട്ടുന്നുണ്ട്.

അപരന്റെ മുഖം വഴി സ്വത്വത്തിന് വരുന്ന തുറവിയാണ് ധാർമികത എന്ന ലെവിനാസിന്റെ സങ്കല്പത്തെ മുൻനിർത്തി ഇത് സൗന്ദര്യാത്മകതയെ കൂടി ഉൾക്കൊള്ളുന്നതാണോ എന്ന ചോദ്യം പലരും ഉന്നയിച്ചിട്ടുണ്ട്. ധാർമികതയെയും സൗന്ദര്യാത്മകതയെയും ബന്ധിപ്പിക്കുന്നതിനെ ലെവിനാസ് തന്റെ കൃതികളിൽ നേരിട്ട് നിഷേധിക്കുകയാണ് ചെയ്തത്. എന്നാൽ സ്വയം പ്രഖ്യാപിച്ചതിൽ നിന്ന് വിപരീതമായി അദ്ദേഹത്തിന്റെ കൃതികളിൽ നിന്ന് ഈ ബന്ധം പിൽക്കാല പഠിതാക്കൾ പലരും കണ്ടെടുക്കുന്നുണ്ട്. ലെവിനാസ് നേരത്തെ എഴുതിയ മാർസേൽ പ്രൂസ്റ്റിലെ അപരം'(The other in Marcel Proust 1947), യാഥാർഥ്യവും അതിന്റെ നിഴലും(Reality and Its Shadow 1948), വാക്കുകളുടെ അതിവർത്തനം'(The Transcendence of Words 1949) എന്നീ ലേഖനങ്ങളും *സമഗ്രതയും അനന്തതയും* എന്ന പുസ്തകത്തിലെ നിരീക്ഷണങ്ങളും മുൻനിർത്തി ജിൽ റോബിൻസ് ഈ ബന്ധം കണ്ടെത്തുന്നു. സമീപകാലത്ത് ഷെയ്ക്സ്പിയർ ഉൾപ്പെടെയുള്ള എഴുത്തുകാരെ ലെവിനാസിന്റെ സിദ്ധാന്തങ്ങളെ മുൻനിർത്തി പഠിക്കുന്നതിനുള്ള അനേകം ശ്രമ

ങ്ങൾ നടന്നിട്ടുമുണ്ട്.

മാനവികതയും സാംസ്കാരിക വൈവിധ്യവും ഭീഷണി നേരിടുന്ന സമകാല ഇന്ത്യൻ സാഹചര്യത്തിൽ ലെവിനാസിന്റെ പഠനങ്ങൾക്ക് മതപഠന മേഖലയിലും മതേതര പഠനമേഖലകളിലും പ്രസക്തിയുണ്ട്. ബുദ്ധൻ മുതൽ ഗാന്ധി വരെയുള്ളവരുടെ ധാർമിക സങ്കല്പങ്ങൾ രാഷ്ട്രീയത്തിൽ വലിയ സ്വാധീനം ചെലുത്തുന്ന ഇന്ത്യയിൽ ആ നിലയിലുള്ള ചില താരതമ്യങ്ങൾക്ക് സാധ്യത യുമുണ്ട്. വ്യക്തിയെ കേവലം അതിജീവനത്തിനുള്ള യന്ത്രം മാത്ര മാക്കി മാറ്റുന്ന സമകാലിക ലോകത്ത് ലെവിനാസിന്റെ കാഴ്ചപ്പാട് സാമാന്യ വ്യക്തികളെ ആത്മവിമർശനത്തിന് പ്രേരിപ്പിക്കുന്നതുമാ ണ്.

## കുറിപ്പുകൾ

1. ലിത്വാനിയയിലെ ഒരു മധ്യവർഗ കുടുംബത്തിൽ ജനിച്ച അദ്ദേഹം ഒന്നാം ലോക മഹായുദ്ധത്തോടു കൂടി യുക്രൈനിലേക്ക് സകുടുംബം താമസം മാററുന്നു പിന്നീട് സ്വരാജ്യത്തേക്ക് തിരിച്ചെത്തുന്നു. ഫ്രാൻസിൽ ഉന്നത വിദ്യാഭ്യാസം നേടുന്നു. ഹുസ്സേളിന്റെയും ഹെഡ ഗറുടെയും സെമിനാർ ക്ലാസുകളിൽ സംബന്ധിക്കുന്നു. പക്ഷെ രണ്ടാം ലോക യുദ്ധകാലത്ത് നാസികളുടെ കയ്യിലകപ്പെട്ട അദ്ദേഹത്തിന് തന്റെ ബൗദ്ധികമായ പൊതുജീവിതം തുടരാൻ കഴിഞ്ഞില്ല. അദ്ദേ ഹവും കുടുംബവും ഹിറ്റ്ലറുടെ പീഡനങ്ങൾക്ക വിധേയരായി. പിതാവും സഹോദരങ്ങളും കൊല്ലപ്പെട്ടു. ഭാര്യയ്ക്കും മകൾക്കും ഒളി വിൽ താമസിക്കേണ്ടി വന്നു. അഞ്ചുവർഷത്തെ ഈ ഇടവേള പാരീസ് പൊതുമണ്ഡലത്തിൽ അദ്ദേഹത്തിന്റെ അംഗീകാരത്തെയും കാര്യ മായി ബാധിച്ചു. യുദ്ധാനന്തര ഘട്ടത്തിലാണ് അദ്ദേഹം പ്രസിദ്ധീകര ണങ്ങളിലൂടെ വീണ്ടും സജീവ ശ്രദ്ധ നേടുന്നത്.

## ഗ്രന്ഥസൂചി:

Hammerschlag, S. (2019). *Levinas and Sartre: Existentialism after the Stalag.* Yale: Yale French Studies.

Harasym, S. (1998). *Levinas and Lacan: The Missed Encounter.* New York: State University of New York Press.

Lehnhof, K., Gold, M., & Goodhart, S. (2018). *Of Levinas and Shakespeare "To see Another Thus".* Purdue: Purdue University Press.

Levinas, E. (1969). *Totality and Infinity: An Essay on Exteriority.* Pittsburgh: Duquesne University Press.

Levinas, E., & Hand, S. (2014, December 27). Reflections on the Philosophy of Hitlerism. *Chicago Journals, 17*(1), 62-71.

Mitrovic, N. (2022). *Ethics and literature: Levinas and literary criticism.* Belgrade: University of Belgrade.

Peperzak, A. T. (2005). *To the Other: Introduction to the Philosophy of Emmanuel Levinas.* West Lafayette: Purdue University Press.

Ruti, M. (2015). *Between Levinas and Lacan: Self, Other, Ethics.* New York: Bloomsbury Academic USA.
Wolff, E. (2011). *Political Responsibility for a Globalised World.* Bielefeld: Transcript Verlag.

**Dr. P.Pavithran**
Professor
Department of Malayalam
Sree Sankaracharya University of Sanskrit
Regional Centre Tirur
Pin: 676301
Ph: +91 9495139971
Email: athulpavithran@rediffmail.com
ORCID: 0009-0009-8529-3044

.

•